ഭരണഭാഷ മാതൃഭാഷ

എച്ച്.1/35486/2013/ഡി.പി.ഐ.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി: 3-6-2013.

## സർക്കുലർ

വിഷയം:- പൊതു വിദ്യാഭ്യാസം-വിദ്യാഭ്യാസ അവകാശ നിയമം 2009-സ്കൂളുകളിലെ ഘടനാപരമായ മാറ്റം-സർക്കുലറിലെ തിരുത്ത്-സംബന്ധിച്ച്

സൂചന:- 1. പൊ.വി.(ജെ)വകുപ്പിന്റെ 3-5-2013-ലെ ഗവ.ഉത്തരവ് 154/13-
2. 27-5-2013-ലെ ഈ ആഫീസിലെ ഇതേ നം.സർക്കുലർ

സൂചന(2) പ്രകാരം പുറപ്പെടുവിച്ച സർക്കുലറിലെ 1-ാമത്തെ ഖണ്ഡികയിൽ 6 മുതൽ 8 വരെയുള്ള ക്ലാസ്സുകളെ അപ്പർ പ്രൈമറി & ഹൈസ്കൂൾ എന്നതിനു പകരം 'അപ്പർ പ്രൈമറി' എന്ന് തിരുത്തി വായിക്കേണ്ടതാണ്.

സൂചന (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിലെ 2-ാം പേജിൽ 2(1)-ൽ പ്രതിപാദിച്ചിട്ടുള്ള പുനർ നാമകരണത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

I മുതൽ V വരെ - പ്രൈമറി വിഭാഗം

VI മുതൽ VIII വരെ - അപ്പർ പ്രൈമറി വിഭാഗം

IX മുതൽ X വരെ - ഹൈസ്ക്കൂൾ വിഭാഗം

എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും തങ്ങളുടെ അധികാര പരിധിയിൽ വരുന്ന 5-ാം ക്ലാസ്സ് ഉൾപ്പെടുന്ന യു.പി.സ്കൂളുകളെ ലോവർ & അപ്പർ പ്രൈമറി സ്കൂളെന്നും, 8-ാം ക്ലാസ് ഉൾപ്പെടുന്ന ഹൈസ്കൂളുകളെ അപ്പർ പ്രൈമറി & ഹൈസ്ക്കൂൾ എന്നും പുനർ നാമകരണം ചെയ്യേണ്ടതാണ്. 4-ാം ക്ലാസ് വരെയുള്ള സ്കൂളുകളിൽ 5-ാം ക്ലാസ് തുടങ്ങുന്നതിനോ, 7-ാം ക്ലാസ് വരെയുള്ള സ്കൂളിൽ 8-ാം ക്ലാസ് തുടങ്ങുന്നതിനോ ടി ഉത്തരവു പ്രകാരം അനുവാദം ഇല്ല.(അപ്ഗ്രേഡ് ചെയ്ത ആർ.എം.എസ്.എ. സ്കൂളുകൾക്ക് ഇതു ബാധകമല്ല)നിലവിലുള്ള സ്കൂളുകളുടെ പുനർനാമകരണം മാത്രമേ ഈ സർക്കുലർ കൊണ്ട് ഉദ്ദേശിക്കുന്നുള്ളു.

പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ(ജനറൽ)

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
പകർപ്പ്-

1. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും(വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന).
2. ജോയിന്റ് ഡയറക്ടർ(സ്റ്റാറ്റിസ്റ്റിക്സ്), പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം.

എകെവി 6-6-2013